## 870

1 ഉള്ളുരുകി പ്രാർത്ഥിപ്പാനായ് ഉന്നതൻ തന്നതാം വേളകളിൽ
പിന്നെയും എന്നെ വെടിപ്പാക്കുവാൻ മന്നിതിലടിയനെ അനുവദിച്ചു

ഉണ്മയോടെന്നെ സ്നേഹിച്ചവൻ കണ്മണിപോലെ കരുതിയവൻ
വീണുപോകാതെ താങ്ങിയവൻ നന്മയായെല്ലാം തീർത്തിടുന്നു

2 ശത്രുവിൻ മുമ്പിൽ പതറിടാതെ സത്യവുമായ് നിൽപ്പാൻ ശക്തിയേകി
നിത്യനാം ദൈവമേ നിന്നെ മാത്രം മിത്രമായ് അടുത്തറിഞ്ഞീയടിയാൻ-

3 ഭയം സംശയങ്ങളെല്ലാമകലാൻ സാത്താന്യതന്ത്രങ്ങളെ ഒഴിയാൻ
പാപങ്ങളിന്മേൽ ജയം നേടുവാൻ വചനമെന്നും തുണയായിരുന്നു-

4 കർത്തനേ നിൻസ്വരം ശ്രവിച്ചിടുവാൻ പ്രാർത്ഥനയാലെന്നെ ബലപ്പെടുത്തി
മടുത്തുപോകാതെ പ്രാർത്ഥിക്കുവാൻപ്രാപ്തനാക്കിടണേ പ്രാണനാഥാ-

**A.J.J.**